വി.ആർ. 9367/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
01-02-2021

## <u>സർക്കുലർ</u>

വിഷയം : വിദ്യാരംഗം കലാസാഹിത്യവേദി-വിദ്യാസാഹിതി 2020-21 അധ്യാപക കവിതാ സാഹിത്യ ശില്പശാല സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദി സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 'വിദ്യാസാഹിതി' എന്ന പേരിൽ സംസ്ഥാനതലത്തിൽ പ്രൈമറി, ഹൈസ്കൂൾ വിഭാഗം അധ്യാപകർക്കായി കവിതാ വിഭാഗത്തിൽ സാഹിത്യശില്പശാല നടത്തുന്നു. കവിതാമേഖലയിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 30 അധ്യാപകരാണ് ശില്പശാലയിലെ പങ്കാളികൾ. കഴിഞ്ഞവർഷം ശില്പശാലയിൽ പങ്കെടുത്തവർക്ക് അപേക്ഷിക്കാമെങ്കിലും ശില്പശാലകളിൽ പങ്കെടുത്തിട്ടില്ലാത്തവരുടെ അഭാവത്തിൽ മാത്രമേ അവരെ പരിഗണിക്കുകയുള്ളൂ. വിദ്യാസാഹിതിയുടെ ശില്പശാലകളിൽ ഇതുവരെ പങ്കെടുത്തിട്ടില്ലാത്തവർക്കായിരിക്കും പ്രഥമ പരിഗണന. അധ്യാപകരുടെ രചനകളുടെ ഗുണനിലവാരവും മുൻപങ്കാളിത്തവും പരിഗണിച്ചായിരിക്കും ശില്പശാലാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. സാഹിത്യരംഗത്തെ പ്രശസ്തർ നയിക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയും താമസസൗകര്യവും ലഭ്യമാക്കും. 2021 മാർച്ച് ആദ്യവാരമായിരിക്കും ശില്പശാല നടക്കുക. ശില്പശാലയുടെ കൃത്യമായ തീയതിയും വേദിയും പിന്നീട് അറിയിക്കുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ശില്പശാല സംഘടിപ്പിക്കുക. അധ്യാപകരുടെ കവിതാവിഭാഗത്തിൽപ്പെട്ട രചനകൾ എഡിറ്റർ, വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിലോ vidyarangamdpi@gmail.com എന്ന ഇ-മെയിലിലോ 2021 ഫെബ്രുവരി 17-ന് മുമ്പ് ലഭിക്കേണ്ടതാണ്. രചനകൾ അയയ്ക്കുന്ന കവറിനു പുറത്ത് 'അധ്യാപക സാഹിത്യശില്പശാല 2020-21' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അയയ്ക്കുന്ന സൃഷ്ടിയുടെ കൂടെ ഇതോടൊപ്പമുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. അധ്യാപകർക്കുള്ള അറിയിപ്പ് സ്കൂൾ ഇ-മെയിൽ വിലാസം വഴിയാകും നൽകുക. അപേക്ഷാഫോമിൽ സ്കൂൾ ഇ-മെയിൽ വിലാസം കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.

ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഈ സർക്കുലർ എല്ലാ സ്കൂളുകളിലും എത്തിക്കേണ്ടതും ഹെഡ്മാസ്റ്റർമാർ അധ്യാപകർക്ക് ശില്പശാലയെക്കുറിച്ചുള്ള വിവരം നൽകേണ്ടതുമാണ്.

സന്തോഷ് സി.എ.
പെൻ നം. 362891
പൊതുവിദ്യാഭ്യാസ അഡീ. ഡയറക്ടർ (ജനറൽ)

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ പ്രധാനാധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

## അപേക്ഷാഫോറത്തിന്റെ മാതൃക

വിദ്യാസാഹിതി (കവിത) 2020 – 21

1. രജിസ്റ്റർ നമ്പർ (ഓഫീസ് ഉപയോഗം) :
2. സൃഷ്ടിയുടെ പേര് :
3. അധ്യാപകന്റെ/അധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) :
4. വീട്ടുമേൽവിലാസം (ജില്ലയും പിൻകോഡും സഹിതം) :
5. അറിയിപ്പ് അയയ്ക്കേണ്ട മേൽവിലാസം :
6. മുൻവർഷങ്ങളിലെ ശില്പശാലകളിൽ പങ്കെടുത്തിട്ടുണ്ടോ? : ഉണ്ട് ഇല്ല
   ഉണ്ടെങ്കിൽ വർഷം 2017 2018 2019
7. അധ്യാപകന്റെ/അധ്യാപികയുടെ ഫോൺ നമ്പർ :
8. സ്കൂളിന്റെ ഇ - മെയിൽ :
9. അധ്യാപകന്റെ ഒപ്പ് :

## പ്രഥമാധ്യാപകന്റെ സർട്ടിഫിക്കറ്റ്

ശ്രീ./ശ്രീമതി.................................................................. ഈ വിദ്യാലയത്തിൽ .............................. വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അധ്യാപകശില്പശാലയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ വേണ്ടി അയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അധ്യാപകൻ രചിച്ചതാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി :

പ്രഥമാധ്യാപകന്റെ ഒപ്പ്

സ്കൂളിന്റെ പേര്

സ്കൂൾ സീൽ

---

**അപേക്ഷാഫോറത്തിന്റെ ഫോട്ടോകോപ്പിയിലോ ടൈപ്പ് ചെയ്തെടുത്ത കോപ്പിയിലോ വേണം പൂരിപ്പിച്ച് അയയ്ക്കേണ്ടത്.**

ഉത്തരവ് നം A5/1011/2021 തീ. 3/02/2021.

എല്ലാ പ്രധാന അധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു. അധ്യാപകരെ പങ്കെടുപ്പിക്കേണ്ടതാകുന്നു.

ശ്രീജ ബി.ഒ.

3/2